രോഗ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, കുടിവെള്ള സ്രോതസ്സുകൾ ശുദ്ധീകരിക്കുന്നതിനായി ക്ലോറിനേറ്റ് ചെയ്യുക, ഭക്ഷണ ശാലകളിൽനിന്നും ലഘു പാനീയങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങളിൽനിന്നും സാമ്പിളുകൾ എടുത്ത് പരിശോധനയ്ക്ക് വിധേയമാക്കുക എന്നീ പ്രവർത്തികൾ നടത്തുന്നുണ്ട്.

ഹെപ്പറ്റൈറ്റീസ്-ബി തടയുന്നതിനുവേണ്ടി ഡിസ്പോസബിൾ സിറിഞ്ചിന്റെയും സൂചിയുടെയും ഉപയോഗം കർശനമാക്കാനും അവ ഉപയോഗശേഷം നശിപ്പിച്ചുകളയാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

രക്തം നൽകേണ്ട അവസരങ്ങളിൽ ദാതാക്കളിൽനിന്നുള്ള സാമ്പിളുകൾ നിർബന്ധമായി ഈ രോഗത്തിനുള്ള സ്ക്രീനിംഗ് ടെസ്റ്റ് നടത്തി സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിർദ്ദേശം എല്ലാ ബ്ലഡ് ബാങ്കുകളും പാലിക്കുന്നുണ്ട്.

(സി) മഞ്ഞപ്പിത്തം ഒരുതരം വൈറസ് ബാധമൂലം ഉണ്ടാകുന്നതാണ്. ഇതിനെതിരെ ഫലപ്രദമായ ആന്റി ബയോട്ടിക്കുകൾ ലഭ്യമല്ല. രോഗബാധിതർക്ക് ആവശ്യമായ അനുബന്ധ ചികിത്സകൾ (സപ്പോർട്ടീവ് ട്രീറ്റ്മെന്റ്) ആണ് അലോപ്പതിയിൽ ഉള്ളത്. ഇതിന് ആവശ്യമായ എല്ലാ മരുന്നുകളും ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

മഞ്ഞപ്പിത്ത രോഗത്തിന് മാത്രമായി പ്രത്യേക തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഈ രോഗം ഉൾപ്പെടെയുള്ള സാംക്രമിക രോഗങ്ങൾ തടയുന്നതിനും മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി ഈ വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജന നടപടികൾ

*12 [495] ഡോ. തോമസ് ഐസക്:
ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ദുർബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പുതിയ സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അഗതി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അഗതികളെ കണ്ടെത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിൽ അഗതികളെ കണ്ടെത്തുന്നതിനായി പരിഗണിക്കപ്പെട്ട ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) അഗതി കുടുംബങ്ങളെ ദാരിദ്ര്യത്തിൽനിന്നും വിമുക്തമാക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) നഗരദാരിദ്ര്യ നിർമ്മാർജ്ജനത്തിനും, ദുർബലജന ക്ഷേമത്തിനുമായി കേന്ദ്രാവിഷ്കൃത പദ്ധതികളായ "സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന", "ദേശീയ ചേരി വികസന പരിപാടി", "വാൽമീകി അംബേദ്കർ ആവാസ് യോജന" എന്നിവ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ മുഖേന സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. കൂടാതെ ഗ്രാമവികസനവകുപ്പ് "സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്കാർ യോജന", "ഇന്ദിര ആവാസ്യോജന", "സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന", "സമ്പൂർണ്ണ ശുചിത്വ പരിപാടി" എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കൂടാതെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള സ്ത്രീകളുടെ ഉന്നമനത്തിനായി വ്യക്തിതലത്തിലും, ഗ്രൂപ്പ് അടിസ്ഥാനത്തിലുമുള്ള മൈക്രോ സംരംഭങ്ങൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കി വരുന്നു. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട അഗതികളുടെ സർവ്വതോമ്മുഖമായ ഉന്നമനത്തിനുവേണ്ടി 'ആശ്രയ' എന്ന പദ്ധതി കുടുംബശ്രീ മുഖാന്തിരവും നടപ്പാക്കി വരുന്നു.

(ബി) കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള 'ആശ്രയ' പദ്ധതി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പുതിയ സംരംഭമാണ്. കൂടാതെ നഗരങ്ങളിലെ ഖര മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 'ക്ലീൻ കേരള ബിസിനസ്സ്' എന്ന മറ്റൊരു തൊഴിൽ സംരഭത്തിനും കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ട്.

(സി) 'ആശ്രയ' എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലെ 179 ഗ്രാമപഞ്ചായത്തുകളിലെ അഗതി കുടുംബങ്ങളെ സംബന്ധിച്ച വിശദമായ പഠന പ്രക്രിയ വഴിയാണ് 'ആശ്രയ' പദ്ധതി തയ്യാറാക്കിയത്.

(ഇ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2002-03 സാമ്പത്തിക വർഷം ആരംഭിച്ച 'ആശ്രയ' പദ്ധതി ഇപ്പോൾ 179 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നു. ഘട്ടം ഘട്ടമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ 179 ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കിയ പ്രോജക്ടുകളിലൂടെ 14,790 കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമിടുന്നു. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ തുക 74.17 കോടി രൂപയാണ്. ഇതിൽ 15 കോടി രൂപ കുടുംബശ്രീയിൽനിന്ന് പ്രത്യേക ധനസഹായമായി പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന തുക പഞ്ചായത്ത് പ്ലാൻ ഫണ്ട്, ബ്ലോക്ക് പഞ്ചായത്തുകളുടെ ധനസഹായം, ഗ്രാമവികസനം, സാമൂഹ്യക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളിലൂടെ നടപ്പാക്കുന്ന കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ, എം. എൽ. എ. ഫണ്ട്, എം. പി. ഫണ്ട്, പൊതുജനങ്ങളിൽ നിന്നും, സ്ഥാപനങ്ങളിൽനിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ എന്നിവയിലൂടെയാണ് സമാഹരിക്കുന്നത്.

ഹവാല പണം ഇടപാട്

*13 [496] ശ്രീ. സാജു പോൾ:

,, മഞ്ഞളാംകുഴി അലി:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നൈ കേന്ദ്രീകരിച്ച് കോടിക്കണക്കിന് രൂപയുടെ വഹാല പണം കേരളത്തിലേയ്ക്ക് കടത്തിയത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഹവാല പണം വിതരണം ചെയ്തത് സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടന്ന 336 കോടി രൂപയുടെ ഹവാല പണം ഇടപാടിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഹവാല കേസ് (അനധികൃത പണം കടത്ത്) അടിസ്ഥാനപരമായി 'ഫെമ' FEMA കുറ്റകൃത്യവുമായി ബന്ധപ്പെട്ടതാണ്. ആയതിനാൽ ഇത്തരം കേസുകൾ അന്വേഷണം നടത്തുന്നത് റവന്യൂ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ്, കസ്റ്റംസ് വകുപ്പ് എന്നീ കേന്ദ്ര ഏജൻസികളാണ്. ആയതിനാൽ ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly